# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2025** — **07/03/2017 ൽ മറുപടിക്ക്**

## സിറ്റി ഗ്യാസ് പദ്ധതി

| | ശ്രീ.ജോൺ ഫെർണാണ്ടസ് | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതി വാതകം കുഴലുകളിലൂടെ അടുക്കളയിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി ഏതെല്ലാം മേഖലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | ഗാർഹിക ആവശ്യത്തിനുള്ള പ്രകൃതി വാതകം കുഴലുകളിലൂടെ അടുക്കളയിൽ എത്തിക്കുന്ന സിറ്റി ഗ്യാസ് പദ്ധതി എറണാകുളം ജില്ലയിലാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്ര പെട്രോളിയം ആന്റ് നാചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ (പി.എൻ.ജി.ആർ.ബി) അനുമതിയോടെ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ബി) | പദ്ധതിയുടെ ഭാഗമായി ഫെബ്രുവരി 2016 മുതൽ കളമശ്ശേരി നഗരസഭാ പരിധിയിലുള്ള വീടുകളിൽ ഗ്യാസ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഗ്യാസ് വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനായി ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിന് നാഷണൽ ഹൈവേ, ഇന്ത്യൻ റെയിൽവേ, മുനിസിപ്പൽ കോർപ്പറേഷൻ, പൊതുമരാമത്ത് വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ നിന്നും അനുമതി ലഭിച്ച പ്രദേശങ്ങളിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. |

| | | | |
|---|---|---|---|
| (സി) | ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) & (ഡി) | പ്രകൃതി വാതക വിതരണ ശൃംഖലയുടെ വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ കാലതാമസം നേരിടുന്നുണ്ടെന്ന് കമ്പനി അധികൃതർ അറിയിച്ചിട്ടുണ്ട്. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും പദ്ധതിക്ക് അനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) | ഈ പദ്ധതി പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | | |
| (ഇ) | എന്നത്തേക്ക് ഗാർഹിക കണക്ഷനുകൾ നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | **2014-15** സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലാണ് പദ്ധതി ആരംഭിച്ചത്. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് ദീർഘമായ കാലയളവാണ് പി.എൻ.ജി.ആർ.ബി അനുവദിച്ചു നൽകിയിട്ടുള്ളത്. പദ്ധതി 5 വർഷം പൂർത്തിയാകുമ്പോൾ **1099.44 Inch-km** പൈപ്പ് ലൈൻ സ്ഥാപിക്കുകയും, **40701** ഗാർഹിക ഉപയോക്താക്കൾക്ക് കണക്ഷൻ നൽകുകയുമാണ് ചെയ്യേണ്ടത്. |

സെക്ഷൻ ഓഫീസർ